## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5518

27/03/2018-ൽ മറുപടിയ്ക്ക്

## പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ ഭവനരഹിതർ

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ശ്രീ.കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വെയിൽ പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ആകെ എത്ര ഭവനരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ 844 ഭവനരഹിതരെയും 2564 ഭൂരഹിത ഭവനരഹിതരെയുമാണ് കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഭവനരഹിതർക്ക് വീട് വച്ച് നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (ബി) | ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി ലക്ഷ്യമിടുന്നത്. പുതിയ ഭവനങ്ങളുടെ നിർമ്മാണം 2018 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആദ്യഘട്ടത്തിൽ പണി പൂർത്തിയാക്കാത്ത വീടുകൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ പെരുമ്പാവൂർ മണ്ഡലത്തിലെ എത്ര വീടുകൾ പൂർത്തിയാക്കുന്നതിന് ധനസഹായം നൽകിയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | പെരുമ്പാവൂർ മണ്ഡലത്തിൽ 74 പൂർത്തീകരിക്കാത്ത ഭവനങ്ങൾ ഉള്ളതിൽ 33 എണ്ണം പൂർത്തീകരിച്ച് കഴിഞ്ഞു. മുഴുവൻ ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ